"ഭരണഭാഷ - മാതൃഭാഷ"

നം. WCD/D1/11427/18

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി: 06.06.2018
email: swdicds@gmail.com
Ph: 0471-2346508 Fax: 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - കരാർ അടിസ്ഥാനത്തിൽ വിവിധ ഓഫീസുകളിൽ ഓടുന്ന കരാർ വാഹനം കരാർ കാലാവധി 30.06.2018 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

സൂചന:
1. സാമൂഹ്യനീതി ഡയറക്ടറുടെ 31.03.2018ലെ സി3-11888/18 നമ്പർ ഉത്തരവ്
2. സാമൂഹ്യനീതി ഡയറക്ടറുടെ 03.05.2018ലെ സി1-43414/15 നമ്പർ പരിപത്രം

വകുപ്പിൻ കീഴിൽ വിവിധ ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ ഉപയോഗിച്ചുവരുന്ന ഔദ്യോഗിക വാഹനത്തിന്റെ കരാർ കാലാവധി 31.05.2018 വരെ ദീർഘിപ്പിച്ചുകൊണ്ട് സൂചന പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവിൽ ഓഫീസുകളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും 31.05.2018-ന് ശേഷം കരാർ വാഹനം ഉപയോഗിക്കാൻ സാധിക്കാതെ വരുന്നത് ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വകുപ്പ് വിഭജനത്തെ തുടർന്ന് വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പറയുന്ന വനിതാ പ്രൊട്ടക്ഷൻ ഓഫീസുകൾ, പ്രോഗ്രാം ഓഫീസുകൾ, ICDS പ്രോജക്ടുകൾ എന്നീ ഓഫീസുകളിൽ ഉപ്പോൾ ഉപയോഗത്തിലുള്ള കരാർ വാഹനം നിലവിലെ നിരക്കിൽ ഉപയോഗിക്കുന്നത് 30.06.2018 വരെ ദീർഘിപ്പിച്ചുകൊണ്ട് അനുമതി നൽകുന്നു. ഈ കാലയളവിനുള്ളിൽ ഓഫീസുകളിലെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ഈ കാലയളവിൽ വാഹനം കരാർ എടുക്കുന്നതിനുള്ള ടെണ്ടർ പൂർത്തീകരിക്കാത്ത ഒരു ഓഫീസുകൾക്കും കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതല്ല.

വകുപ്പ് വിഭജനത്തെ തുടർന്ന് വനിതാ ശിശുവികസന വകുപ്പിന് കീഴിൽ വന്നിട്ടുള്ള വിമൺ പ്രൊട്ടക്ഷൻ ഓഫീസുകളിലെ വാഹനങ്ങൾക്ക് ടെണ്ടർ വിളിക്കുന്നതിൽ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ ക്കുവേണ്ടി

എല്ലാ കാര്യാലയമേധാവികൾക്കും

**പകർപ്പ്:**
1. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. സ്റ്റോക്ക് ഫയൽ / സ്പെയർ

SK/18